# ഓൺലൈൻ അംഗത്വ ട്രാൻസ്ഫർ

ഒരു ക്ഷീരസംഘം വഴി അംഗത്വം എടുത്ത ക്ഷീരകർഷകന തന്റെ അംഗത്വം മറ്റൊരു ക്ഷീരസംഘത്തിന്റെ പരിധിയിലേയ്ക്ക് മാറ്റുവാൻ സാധിക്കുന്നതാണ്. ഓൺലൈനായിട്ടാണ് അംഗത്വം ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത്.

1. ക്ഷീരകർഷകൻ യൂസർനെയിം പാസ്സ്‌വേർഡ് എന്നിവ ഉപയോഗിച്ച് തന്റെ പ്രൊഫൈൽ പേജിൽ കടക്കണം. പ്രൊഫൈൽ പേജിൽ Membership Transfer എന്ന ഓപ്ഷൻ ലഭ്യമാണ്. ഈ ഓപ്ഷൻ ക്ലിക്ക് ചെയ്ത് അംഗത്വം മാറ്റി ലഭിക്കേണ്ട ക്ഷീര സംഘത്തിന്റെ പേര് തെരഞ്ഞെടുത്ത് അംഗത്വം ട്രാൻസ്ഫർ ആവശ്യപ്പെടുന്നതിന്റെ കാരണവും രേഖപ്പെടുത്തി Membership Transfer request സബ്മിറ്റ് ചെയ്യണം.

2. ക്ഷീരകർഷകൻ സമർപ്പിക്കുന്ന Membership Transfer request മാറ്റം ആവശ്യപ്പെടുന്ന ക്ഷീരസംഘം സെക്രട്ടറിയുടെ ഹോം പേജിൽ ലഭിക്കുന്നു. ക്ഷീരസംഘം സെക്രട്ടറി Membership Transfer അപേക്ഷ ക്ഷീരസംഘം ബോർഡ് മുമ്പാകെ സമർപ്പിക്കുകയും ബോർഡ് അപേക്ഷ അംഗീകരിക്കുന്നപക്ഷം ഭരണസമിതി തീരുമാനം രേഖപ്പെടുത്തി ക്ഷീരസംഘം സെക്രട്ടറി അപേക്ഷ അംഗീകരിക്കണം. ക്ഷീരസംഘം സെക്രട്ടറി അപേക്ഷ അംഗീകരിക്കുന്നതിനോടൊപ്പം അംഗത്വം ട്രാൻസ്ഫറിന എന്ന് മുതൽ പ്രാബല്യം നൽകണം എന്ന സുപ്രധാന വിവരം കൂടി രേഖപ്പെടുത്തണം. ക്ഷീരസംഘം സെക്രട്ടറി ഇവിടെ രേഖപ്പെടുത്തുന്ന തീയതി മുതലുള്ള പാലളവ് ഈ ക്ഷീരസംഘത്തിൽ നിന്നും കണക്കാക്കാവുന്നതാണെന്നും അതിന തലേദിവസം വരെയുള്ള പാലളവ് പഴയ ക്ഷീരസംഘത്തിൽ നിന്നും കണക്കാക്കുന്നതുമാണ്.

3. ക്ഷീരസംഘം സെക്രട്ടറി ബോർഡ് തീരുമാനം രേഖപ്പെടുത്തി സമർപ്പിക്കുന്ന ട്രാൻസ്ഫർ അപേക്ഷ ക്ഷീരവികസന ഓഫീസർക്ക് ലഭിക്കുകയും ക്ഷീരവികസന ഓഫീസർ അംഗീകരിക്കുന്നമുറയ്ക്ക് ക്ഷേമനിധി ഹെഡ് ഓഫീസിൽ ലഭിക്കുകയും ഹെഡ് ഓഫീസിൽ നിന്നും അംഗീകരിക്കുന്നമുറയ്ക്ക് Membership Transfer പ്രാബല്യത്തിൽ വരുകയും ചെയ്യുന്നു.

Membership Transfer ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. Membership Transfer request സമർപ്പിച്ച് അംഗീകരിച്ചതിന ശേഷം മാത്രം പെൻഷൻ അപേക്ഷ സമർപ്പിക്കുക. (Membership Transfer ആവശ്യമുള്ളവർക്ക് മാത്രം)

2. ഓൺലൈനായി Membership Transfer request നടത്തിയാൽ മാത്രമേ രണ്ട് സംഘങ്ങളിലെയും പാലളവ് പെൻഷന പരിഗണിക്കുവാൻ സാധിക്കുകയുള്ളു.

3. അംഗത്വം അൺലോക്ക് ചെയ്യുന്ന സമയം ക്ഷീരസംഘം മാറ്റി നൽകുന്നതിന ഓപ്ഷൻ ലഭ്യമാണെങ്കിൽ ഇത് ഉപയോഗിക്കുന്നപക്ഷം ഒരു ക്ഷീരസംഘത്തിലെ പാലളവ് മാത്രമെ പെൻഷനായി പരിഗണിക്കുവാൻ സാധിക്കുകയുള്ളു.